## പതിനാലാം കേരള നിയമസഭ

## പത്തൊൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1140 — 05.03.2020 -ൽ മറുപടിയ്ക്ക്

## സൗജന്യ യൂണിഫോം വിതരണം

ചോദ്യം — ഉത്തരം

ശ്രീ. എൻ .എ.നെല്ലിക്കുന്ന്

പ്രൊഫ : സി.രവീന്ദ്രനാഥ്
(പൊതുവിദ്യാഭ്യാസ വകുപ്പമന്ത്രി)

എ) സംസ്ഥാനത്തെ ഒന്നു മുതൽ എട്ടുവരെ ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്ക് എത്ര വിഭാഗങ്ങളിലായാണ് സൗജന്യ യൂണിഫോം വിതരണം ചെയ്യുന്നതെന്നും ഇതിന് എത്ര തുകയാണ് വേണ്ടതെന്നും വ്യക്തമാക്കാമോ;

എ) 1 മുതൽ 8 വരെ ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്ക് മൂന്ന് വിഭാഗങ്ങളിലായി സൗജന്യയൂണിഫോം വിതരണം ചെയ്യുന്നു. 1 മുതൽ 4 വരെ മാത്രം പ്രവർത്തിക്കുന്ന സർക്കാർ/എയ്ഡഡ് സ്കൂളുകളിലും 1 മുതൽ 5 വരെയും, 1 മുതൽ 7 വരെയും, 5 മുതൽ7 വരെയും മാത്രം പ്രവർത്തിക്കുന്ന സർക്കാർ സ്കൂളുകളിലും കൈത്തറി യൂണിഫോം നൽകുന്നു. കൈത്തറി യൂണിഫോം നൽകാത്ത സർക്കാർ സ്കൂളുകളിൽ 1 മുതൽ 8 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന മുഴുവൻ പെൺകുട്ടികൾക്കും , ബി.പി.എൽ വിഭാഗം ആൺകുട്ടികൾക്കും SC/ST വിഭാഗം ആൺകുട്ടികൾക്കും സമഗ്രശിക്ഷ -കേരള മുഖേന ഒരു കുട്ടിക്ക് രണ്ട് ജോഡി യൂണിഫോമിന് തുക നൽകിവരുന്നു. കൈത്തറി യൂണിഫോം നൽകാത്ത എയ്ഡഡ് സ്കൂളുകളിൽ 1 മുതൽ 8 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന മുഴുവൻ കുട്ടികൾക്കും , കൈത്തറി യൂണിഫോം നൽകാത്ത സർക്കാർ സ്കൂളുകളിൽ 1 മുതൽ 8 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന എ.പി.എൽ വിഭാഗം ആൺകുട്ടികൾക്കും ഒരു കുട്ടിക്ക് രണ്ട് ജോഡി യൂണിഫോമിന് തുക നൽകുന്നു.കൈത്തറി യൂണിഫോമിനായി 2019-20 അധ്യയന വർഷത്തേക്ക് 108.7 കോടിരൂപയും കൈത്തറി യൂണിഫോം നൽകാത്ത സ്കൂളുകളിൽ പഠിക്കുന്ന കുട്ടികൾക്ക് യൂണിഫോം വിതരണത്തിനായി 85 കോടി രൂപയും ചിലവ് വരും.

ബി) ഈ തുക ഈ അധ്യയനവർഷം വിതരണംചെയ്തോ എന്നും ഇല്ലെങ്കിൽ കാരണമെന്താണെന്നും വ്യക്തമാക്കാമോ;

സി) അധ്യയന വർഷം അവസാനിക്കാറായിട്ടും സംസ്ഥാനത്തെ സർക്കാർ, എയ്ഡഡ് വിദ്യാലയങ്ങളിലെ വിദ്യാർത്ഥികൾക്കുള്ള യൂണിഫോം തുക വിതരണം ചെയ്തിട്ടില്ലെന്ന വാർത്തകൾ വസ്തുതാപരമാണോ എന്ന് വ്യക്തമാക്കാമോ?

ബി) യും സി) യും

കൈത്തറി യൂണിഫോമിനുള്ള തുക കൈത്തറി വകുപ്പിന് നൽകിയിട്ടുണ്ട്.പണമായി തുക വിതരണം ചെയ്യേണ്ട കുട്ടികൾക്ക് തുക പൂർണ്ണമായും നൽകി കഴിഞ്ഞിട്ടില്ല. വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ